(ബി) 'മിഷൻ 676' രൂപരേഖയിൽ കേരളത്തിന്റെ ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ, അഴീക്കൽ എന്നിവിടങ്ങളിൽ നിന്നും കപ്പൽ ഗതാഗത പദ്ധതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളൊന്നുംതന്നെ നിലവിലില്ല.

മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി

107 (7670) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൽസ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചുനൽകുന്ന ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനപദ്ധതിക്ക് അംഗീകാരം നൽകി. പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്.

(ബി) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 370 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന ഒരു ഫ്ളാറ്റ് യൂണിറ്റിൽ ഒരു ബെഡ് റൂം, ഒരു സ്റ്റഡി റൂം, ഒരു ടോയ്ലറ്റ്, ഒരു അടുക്കള എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) നിലവിൽ ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്കായി കൈക്കൊണ്ടുവരുന്ന മാനദണ്ഡങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതാണ്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിവരുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly